**<u>ക്ഷീരവികസന വകുപ്പ് ഡയറക്ടറുടെ നടപടിക്രമം</u>**

ഹാജർ:ശാലിനി ഗോപിനാഥ്(പെൻ-498485)

ക്ഷീരവികസന വകുപ്പ്- ജീവനക്കാര്യം- ക്ഷീര വികസന ഓഫീസർമാർക്ക് 2:1 അനുപാതത്തിൽ സീനിയർ ക്ഷീര വികസന ഓഫീസർമാരായി റേഷ്യോ അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ക്ഷീരവികസന വകുപ്പ്**

DDDKER/1917/2026-ES1 തിരുവനന്തപുരം,തീയതി:25-06-2026

---

പരാമർശം:- 1. സ.ഉ(അ) നം. 27/2021/ധന. തീയതി. 10.02.2021

2. കേന്ദ്ര ഗവൺമെന്റിന്റെ 21.10.2025 ലെ No. A-19011/4/2025-Admin_1/(E-38011) നം. ഓഫീസ് ഉത്തരവ്.

3.കോഴിക്കോട് ഡെപ്യൂട്ടി ഡയറക്ടറുടെ 12.06.2026 ലെ DDKZD/836/2025-SR CA നം. കത്ത്.

4.സ.ഉ(സാധാ) നം. 56/2026/DD തീയതി. 12.05.2026.

5.വയനാട് ഡെപ്യൂട്ടി ഡയറക്ടറുടെ 09.06.2026 ലെ DDWND/352/2026-C1 നം. കത്ത്.

**<u>ഉത്തരവ്</u>**

ക്ഷീര വികസന വകുപ്പിലെ 196 ക്ഷീര വികസന ഓഫീസർമാർക്ക് 2:1 അനുപാതത്തിൽ സീനിയർ ക്ഷീര വികസന ഓഫീസർമാരായി റേഷ്യോ അനുവദിക്കാവുന്നതാണെന്നും ഇപ്രകാരം റേഷ്യോ അനുവദിക്കുമ്പോൾ ക്ഷീര വികസന ഓഫീസർമാരും സീനിയർ ക്ഷീര വികസന ഓഫീസർ / അസിസ്റ്റന്റ് ഡയറക്ടർ / സമാന തസ്തികകളിലേയ്ക്കുള്ള റേഷ്യോ 2:1 ആയി നിലനിർത്തണമെന്നും പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്.

പരാമർശം (2) ഉത്തരവ് പ്രകാരം സീനിയർ ക്ഷീര വികസന ഓഫീസറായിരുന്ന ശ്രീമതി. ജൂണി ജോസ് റോഡ്റിഗ്സ് കേന്ദ്ര ഡെപ്യൂട്ടേഷനിൽ പ്രവേശിച്ചതിനാലും, മൂവാറ്റുപുഴ സീനിയർ ക്ഷീര വികസന ഓഫീസറായിരുന്ന ശ്രീമതി. സുപ്രിയ ദേവി എസ് പി-ക്ക് പരാമർശം (4) ഉത്തരവ് പ്രകാരം അസിസ്റ്റന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ചിട്ടുള്ളതും

പരാമർശം (3), (5) പ്രകാരം യഥാക്രമം ഉദ്യോഗസ്ഥർ വിരമിച്ചതും, പുതിയ തസ്തികയിൽ ജോലിയിൽ പ്രവേശിച്ചിട്ടുള്ള വിവരം ബന്ധപ്പെട്ട ഡെപ്യൂട്ടി ഡയറക്ടർമാർ അറിയിച്ചിട്ടുമുണ്ട്.

മേൽ സാഹചര്യത്തിൽ 01.01.2026 ലെ ക്ഷീര വികസന ഓഫീസർമാരുടെ സീനിയോരിറ്റി ലിസ്റ്റ് അടിസ്ഥാനമാക്കി, താഴെ പറയുന്ന ക്ഷീര വികസന ഓഫീസർമാർക്ക് 59300-120900 രൂപ ശമ്പള നിരക്കിൽ, ഉയർന്ന തസ്തികകളിലെ ഓഫീസർമാർ തിരികെ വകുപ്പിൽ പ്രവേശിക്കുന്ന സാഹചര്യം ഉണ്ടാകുന്ന പക്ഷം ജൂനിയർ മോസ്റ്റ് ആയ ക്ഷീരവികസന ഓഫീസർമാർ മുൻ തസ്തികകയിൽ തിരികെ പോകേണ്ടി വരും എന്ന വ്യവസ്ഥയിൽ, സീനിയർ ക്ഷീര വികസന ഓഫീസർമാരായി റേഷ്യോ അനുവദിച്ച് നിലവിലെ ഓഫീസിൽ തന്നെ നിലനിർത്തി ഉത്തരവാകുന്നു.

| ക്രമ നം | ഉദ്യോഗസ്ഥരുടെ പേരും കാര്യാലയവും | റേഷ്യോ പ്രാബല്യത്തിൽ വന്ന തീയതി | റിമാർക്ക്സ് |
|---|---|---|---|
| 1 | ശ്രീമതി. ജയലക്ഷ്മി കെ, ക്ഷീര വികസന ഓഫീസർ, ഒല്ലൂക്കര | 01.10.2025 | ശ്രീമതി. ജൂണി ജോസ് റോഡ്റിഗ്സ്, കേന്ദ്ര ഗവൺമെന്റ് ഡെപ്യൂട്ടേഷനിൽ പ്രവേശിച്ച ഒഴിവിൽ |
| 2 | ശ്രീ. ഫൈസൽ ഐ, ക്ഷീര വികസന ഓഫീസർ, ചീറ്റൂർ | 01.06.2026 | ശ്രീ. സനൽകുമാർ പി സർവീസിൽ നിന്നും വിരമിച്ച ഒഴിവിൽ |
| 3 | ശ്രീമതി. അശ്വതി എസ് നായർ, ക്ഷീര വികസന ഓഫീസർ, മൂന്നാർ/ ദേവികുളം | 08.06.2026 | ശ്രീമതി. സുപ്രിയ ദേവി എസ് പി അസിസ്റ്റന്റ് ഡയറക്ടറായി സ്ഥാനക്കയറ്റം ലഭിച്ചുപോയ ഒഴിവിൽ |

ഡയറക്ടർ

Digitally signed by
SALINI GOPINATH
Date: 25-06-2026
15:10:48

ബന്ധപ്പെട്ട ജീവനക്കാർക്ക് (മേലധികാരി മുഖേന)

പകർപ്പ്:- 1) അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം

2) ജോയിന്റ് ഡയറക്ടർ (ജനറൽ, പ്ലാനിംഗ്)

3) ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ, പാലക്കാട്, ഇടുക്കി

4) ഡയറി ഫാം ഇൻസ്ട്രക്ടർ, ഐ ടി സെൽ

5) ഡയറക്ടറുടെ സി എ

6) എ1 സീറ്റ് / സ്പാർക്ക്

7) ഇ എസ്2 സീറ്റ്